# entri

## Current affairs 22 Jan 2026

- **2026 ജനുവരിയിൽ കാലിക്കറ്റ് സർവകലാശാലയുടെ പുതിയ വൈസ് ചാൻസലറായി നിയമിതനായത്**
  ഡോ.പി. രവീന്ദ്രൻ

---

- **സംസ്ഥാനത്തെ ഓറിയന്റൽ സ്കൂളുകളിലെ വിദ്യാർഥികൾക്ക് മാതൃഭാഷാ പഠനത്തിന് അവസരമൊരുക്കുന്നതിനായി പൊതുവിദ്യാഭ്യാസ വകുപ്പ് ആരംഭിച്ച പദ്ധതി**
  മലയാളംശ്രീ

---

- **2026 ജനുവരിയിൽ ബാഡ്മിന്റണിൽ നിന്ന് വിരമിക്കൽ പ്രഖ്യാപിച്ച ഇന്ത്യൻ ബാഡ്മിന്റൺ വനിതാ താരം**
  സൈന നെഹ്‌വാൾ
  - ഇന്ത്യയുടെ അയൺ ബട്ടർഫ്ലൈ എന്നാണ് സൈനയെ വിശേഷിപ്പിക്കുന്നത്.
  - 2012 ലണ്ടൻ ഒളിമ്പിക്സിൽ വെങ്കല മെഡൽ നേടിയ ഇന്ത്യൻ ബാഡ്മിന്റൺ വനിതാ താരമാണ് സൈന. ഒളിമ്പിക്സ് മെഡൽ നേടുന്ന ആദ്യ ഇന്ത്യൻ ബാഡ്മിന്റൺ താരം എന്ന നേട്ടവും ഒളിമ്പിക്സിൽ ബാഡ്മിന്റൻ സിംഗിൾസിൽ സെമിഫൈനൽ എത്തുന്ന ആദ്യത്തെ ഇന്ത്യൻ താരം എന്ന നേട്ടവും ലണ്ടൻ ഒളിമ്പിക്സിൽ കൈവരിച്ചു.
  - 2017-ൽ ലോക ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പിൽ വെങ്കലമെഡൽ സ്വന്തമാക്കി.
  - 2010-ലും 2018-ലും കോമൺവെൽത്ത് ഗെയിംസ് സ്വർണംനേടി.
  - 2014-ലും 2018-ലും ഏഷ്യൻ ഗെയിംസിൽ വെങ്കലമെഡൽ നേടി.
  - ബാഡ്മിന്റണിൽ ലോക ഒന്നാം നമ്പർ പദവിയിലെത്തിയ ആദ്യ ഇന്ത്യൻ വനിതാ താരം കൂടിയാണ് സൈന നെഹ്‌വാൾ.
  - 2009-ൽ അർജുന പുരസ്കാരവും 2010-ൽ ഖേൽരത്ന പുരസ്കാരവും ലഭിച്ചു.
  - 2010-ൽ പദ്മശ്രീ ബഹുമതിയും 2016-ൽ പത്മഭൂഷൻ ബഹുമതിയും നൽകി രാജ്യം ആദരിച്ചു.


ഡോ.പി. രവീന്ദ്രൻ








4.8 ★ Download the app now | Learn in Malayalam